**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 116**
**30.11.2015 ലെ മറുപടിയ്ക്ക്**

**<u>ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപടികൾ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **പ്രൊഫ. സി. രവീന്ദ്രനാഥ്** | | **ശ്രീ. ഉമ്മൻ ചാണ്ടി,<br>ബഹു. മുഖ്യമന്ത്രി** |
| (എ) | പത്താം ശമ്പള കമ്മീഷൻ ജൂലൈ 13 ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം സംബന്ധിച്ച് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13.8.20015 ലെ സ.ഉ.(കൈ) നം. 358/2015/ധന പ്രകാരം ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനു വേണ്ടി നിയുക്തമായ ക്യാബിനറ്റ് സബ് കമ്മിറ്റി യോഗം എത്ര പ്രാവശ്യം കൂടിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ഒരു യോഗം 03.12.2015 - ൽ ചേരുന്നുണ്ട്. |
| (സി) | സബ് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | |
| (ഡി) | ബഹു. ധനകാര്യ വകുപ്പ് മന്ത്രി രാജി വച്ചതിനെതുടർന്ന് ക്യാബിനറ്റ് കമ്മിറ്റിയുടെ ചുമതല ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണെന്ന് വിശദമാക്കുമോ ; | ധനകാര്യ നിയമ ഭവന നിർമ്മാണ വകുപ്പിന്റെ ചുമതല വഹിക്കുന്നത് മുഖ്യമന്ത്രിയാണ്. |
| (ഇ) | 2014 ജൂലൈ 1 മുതൽ കുടിശ്ശിക ഉൾപ്പെടെയുള്ള സാമ്പത്തികാനുകൂല്യങ്ങൾ ജീവനക്കാർക്ക് ഉറപ്പു വരുത്തുമോ; | ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |

| | | |
|---|---|---|
| (എഫ്) | 2014 ജൂലൈ 1 മുതൽ പ്രാബല്യം നൽകി ശമ്പള പരിഷ്കരണം ഏതു തീയതിയിൽ ഉത്തരവാകും എന്ന് വിശദമാക്കാമോ ? | ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |

Manjusha

അക്കൗണ്ട്സ് ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഉപസമിതി രൂപീകരിച്ച് ഉത്തരവാകുന്നു.**

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ. (കൈ) നം. 358/2015/ധന** **തീയതി, തിരുവനന്തപുരം 13.08.2015.**

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണം സംബന്ധിച്ച് 10-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്നവർ ഉൾപ്പെട്ട മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ധനകാര്യ-നിയമ-ഭവന നിർമ്മാണ വകുപ്പുമന്ത്രി - കൺവീനർ
2. ആഭ്യന്തരവകുപ്പുമന്ത്രി
3. വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി
4. ഊർജ്ജവകുപ്പുമന്ത്രി

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. കെ.എം. എബ്രഹാം,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).**

ധനകാര്യവും, നിയമ-ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വ്യവസായ-വിവര സാങ്കേതികവിദ്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ഊർജ്ജ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
പൊതുഭരണ(എസ്.സി.)വകുപ്പ് (05.08.2015 ലെ മന്ത്രിസഭാ തീരുമാനത്തിലെ 7216-ാം നമ്പർ ഇനം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

True Copy -
Manjushal
A.O

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.